# കേരളസംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർതോമസ്
ബഹു.ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നമ്പർ : 7318/11/12/2023/TVM**

പരാതികക്ഷി

ജോഷി രാജൻ
പ്രാർത്ഥന, പ്രകൃതി ഗാർഡൻസ്
കരിപ്പൂർ, മലയിൻകീഴ് പി.ഒ
തിരുവനന്തപുരം

എതിർകക്ഷികൾ

**ഉത്തരവ് തീയതി 03.04.2025.**

11.10.2023 ന് 8.40 pm ന് പരാതിക്കാരനും ഭാര്യയും കാറിൽ യാത്ര ചെയ്തുവരവെ അരയല്ലൂർ ഭാഗത്തെ റോഡിൽ ഉണ്ടായിരുന്ന വെള്ളക്കെട്ടിൽ പെട്ട് കാർ നിന്നുപോയെന്നും പരാതിക്കാരനും ഭാര്യക്കും മാനസിക ശാരീരിക ബുദ്ധിമുട്ടുകൾ ഉണ്ടായെന്നും അവർക്കുണ്ടായ ബുദ്ധിമുട്ടുകൾക്കും കാറിനുണ്ടായ നാശനഷ്ടത്തിനും പരിഹാരം ഉണ്ടാക്കണമെന്നാണ് ആവലാതി.

2. കേരള പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തിരുവനന്തപുരം 06.12.2023 ലെ റിപ്പോർട്ട് ഫയൽ ചെയ്തു. പരാതിയിൽ പറയുന്ന റോഡിലെ അരയല്ലൂർ ഭാഗം താഴ്ന്ന ലെവലിലാണെന്നും ഉയർന്ന പ്രദേശങ്ങളിൽ നിന്നും ഒഴുകി വരുന്ന മഴവെള്ളം അരയല്ലൂർ ഭാഗത്തെത്തി അവിടെയുള്ള കോർപ്പറേഷൻ, ഇറിഗേഷൻ ഓട വഴി കരമനയാറ്റിലെത്തുമെന്നും ടി ഭാഗത്ത് PWD റോഡിന് ഇരുവശത്തും വെള്ളം സുഗമമായി ഒഴുകുന്ന ഓടകളുണ്ടെന്നും കോർപ്പറേഷന്റെയും ഇറിഗേഷന്റെയും ഓടകൾ ശക്തമായ മഴയിൽ ഉണ്ടാകുന്ന വെള്ളം ശേഖരിക്കാൻ പര്യാപ്തമല്ലാത്തതിനാൽ റോഡിലേക്ക് വെള്ളം കയറാൻ സാധ്യതയുണ്ടെന്നും ഇറിഗേഷൻ കോർപ്പറേഷൻ അധികാരികൾ സംയുക്തമായി സ്ഥല പരിശോധന നടത്തി ഓടയുടെ വലുപ്പം കൂട്ടാൻ നടപടി സ്വീകരിക്കണമെന്നുമാണ് റിപ്പോർട്ട്.

3. ഇന്ന് കമ്മീഷൻ മുമ്പാകെ ഹാജരായ പരാതിക്കാരൻ മേൽ റിപ്പോർട്ടിനെതിരെ 03.04.2025 തീയതിയിലെ രേഖാമൂലം ആക്ഷേപം സമർപ്പിച്ചു. Executive Engineer, Irrigation (Minor), Thiruvananthapuram, Secretary of Thiruvananthapuram Municipal Corporation and Executive Engineer, PWD (Roads) തങ്ങളുടെ കീഴിലുള്ള Assistant Executive Engineer and LSGD Assistant Engineer എന്നിവരെ സംയുക്തമായി സ്ഥല പരിശോധന നടത്തുന്നതിന് ചുമതലപ്പെടുത്തണം. എന്താണ് നിലവിലെ പ്രശ്നമെന്നും അത് പരിഹരിക്കുന്നതിനായി സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ എന്തൊക്കയാണെന്നും പരിശോധനയിൽ ബോധ്യപ്പെടണം. പ്രശ്ന പരിഹാര നടപടികൾ സ്വീകരിക്കേണ്ടത് Irrigation (Minor), Dept ഉം തിരുവനന്തപുരം നഗരസഭയും ആണെന്ന് കണ്ടാൽ

Executive Engineer, Irrigation (Minor), Dept ഉം നഗരസഭ സെക്രട്ടറിയും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് കാലതാമസം കൂടാതെ പ്രശ്നം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. മേൽ പറഞ്ഞ സംയുക്ത പരിശോധനയുടെയും കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭ സെക്രട്ടറിയും, Executive Engineer, Irrigation (Minor), ഉം Executive Engineer PWD (Roads) ഉം പ്രത്യേകം പ്രത്യേകം റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ കമ്മീഷനിൽ ഫയൽ ചെയ്യണം.

4. ഈ വിഷയത്തിന്റെ പ്രത്യേക സ്വഭാവം കണക്കിലെടുത്ത് ഹർജിക്കാരനും ഭാര്യക്കും വാഹനത്തിനുമുണ്ടായ നഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ആവശ്യപ്പെടുന്നില്ലെന്നും എന്നാൽ ഹർജിക്കാരൻ അനുഭവിച്ചതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ട സർക്കാർ സ്ഥാപനങ്ങൾ അടിയന്തര നടപടി സ്വീകരിച്ച് മേൽ പറഞ്ഞ റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് സത്വരനടപടികൾ സ്വീകരിച്ച് പ്രശ്നം പരിഹരിക്കേണ്ടതാണെന്ന് പരാതിക്കാരൻ ബോധിപ്പിച്ചു. അപകട സാധ്യത മുന്നറിയിപ്പ് ബോർഡും ടി ഭാഗത്ത് സ്ഥാപിക്കണമെന്ന് പരാതിക്കാരൻ ആവശ്യപ്പെട്ടു.

5. പരാതിയിൽ പറയുന്ന റോഡ് ഭാഗത്ത് മഴക്കാലത്തെ അപകട സാധ്യത മുന്നറിയിപ്പ് ബോർഡ് ഉടനടി നഗരസഭ സെക്രട്ടറി സ്ഥാപിക്കണം.

6. മേൽ പറഞ്ഞ ഉദ്യോഗസ്ഥരിൽ നിന്നും റിപ്പോർട്ടുകൾ ലഭിച്ചശേഷം ഈ വിഷയത്തിൽ അനന്തര നടപടികൾ കമ്മീഷൻ സ്വീകരിക്കുന്നതാണ്. കമ്മീഷന്റെ തുടർന്നുള്ള നടപടികളിൽ നേരിട്ടു ഹാജരാകുന്നതിൽ നിന്ന് ഒഴിവാക്കണമെന്നുള്ള ഹർജിക്കാരന്റെ ആവശ്യം കമ്മീഷൻ അംഗീകരിച്ചു. തുടർന്നുള്ള ഹിയറിംഗ് സംബന്ധിച്ച നോട്ടീസ് ഹർജിക്കാരന് അയക്കേണ്ടതില്ല. എന്നാൽ ഈ കേസിന്റെ അന്തിമ ഉത്തരവിന്റെ പകർപ്പ് ഹർജിക്കാരന് അയച്ചു കൊടുക്കണം. തിരുവനന്തപുരം നഗരസഭ സെക്രട്ടറി ചുമതലപ്പെടുത്തുന്ന LSGD Assistant Engineer ഉം Executive Engineer, Irrigation (Minor), Executive Engineer PWD എന്നിവർ ചുമതലപ്പെടുത്തുന്ന ഒരു Engineer പറ്റുമെങ്കിൽ സ്ഥല പരിശോധന നടത്തിയ Engineer മാർ കമ്മീഷൻ 07.08.2025 ന് രാവിലെ 10 മണിക്ക് കമ്മീഷൻ ഓഫീസിൽ വച്ച് നടത്തുന്ന സിറ്റിംഗിൽ ഹാജരായി വസ്തുതകൾ കമ്മീഷനെ ധരിപ്പിക്കണം.

7. Executive Engineer PWD (Roads) Thiruvananthapuram നും പരാതിയിയുടെയും PWD Executive Engineer റുടെ 06.12.2023 ലെ റിപ്പോർട്ടിന്റെയും പകർപ്പുകൾ സഹിതം തിരുവനന്തപുരം നഗരസഭ സെക്രട്ടറിക്കും Executive Engineer, Irrigation (Minor), Thiruvananthapuram നും ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക. 07.08.2025 രാവിലെ 10 മണിക്ക് ഈ കേസ് പരിഗണിക്കുന്നതാണ്..

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർതോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ